## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5276

## 02.07.2013-ലെ മറുപടിക്ക്

# ട്രഷറികളുടെ പ്രവർത്തനം കാലാനുസൃതമാക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.എം.ഷാജി<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.എൻ.ഷംസുദ്ദീൻ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം.മാണി |
| (എ) | സംസ്ഥാനത്തെ ട്രഷറികളുടെ പ്രവർത്തനം കാലാനുസൃതമാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | സംസ്ഥാനത്തെ ട്രഷറികളുടെ പ്രവർത്തനം കാലാനുസൃതമാക്കുന്നതിന് ട്രഷറി കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി ട്രഷറികളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെറ്റ് വർക്കിംഗ് സംവിധാനം, സർക്കാർ ഖജനാവിലേക്ക് ലോകത്ത് എവിടെ നിന്നും നെറ്റ് ബാങ്ക് സൗകര്യം ഉപയോഗിച്ച് ഏതു സമയത്തും പണമടയ്ക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം എന്നിവ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ട്രഷറി സേവിംഗ്സ് ബാങ്ക്, കോർ ബാങ്കിംഗ് ആക്കുന്നതിനുള്ള നടപടികളും ട്രഷറികളിൽ എ.ടി.എം സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല വ്യാജ മുദ്രപത്രങ്ങൾ തടയുന്നതിന്റെ ഭാഗമായി ഇ-സ്റ്റാമ്പിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | ട്രഷറികളെ ജില്ലാ ട്രഷറികളായി ഉയർത്തുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ; | സബ് ട്രഷറികളുടെ എണ്ണത്തിലുള്ള വർദ്ധനവ്, സബ് ട്രഷറികളുടെ എണ്ണക്കൂടുതൽ കൊണ്ടുണ്ടാകുന്ന അക്കൗണ്ടു സമാഹരണം, ഏകീകരണം, സംക്ഷിപ്ത അക്കൗണ്ട് തയ്യാറാക്കൽ, സമർപ്പണം എന്നിവയുമായി ബന്ധപ്പെട്ട ജോലികളുടെ ബാഹുല്യം, നിലവിലെ ജില്ലാ ട്രഷറിയും സബ് ട്രഷറികളും തമ്മിലുള്ള ദൂരം, പ്രാദേശികമായ ആവശ്യകത, അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിട ലഭ്യത, ജീവനക്കാരുടെ ലഭ്യത എന്നിവയാണ് ട്രഷറികളെ ജില്ലാ ട്രഷറികളായി ഉയർത്തുന്നതിനുള്ള മാനദണ്ഡം. |
| (സി) | ഒന്നിലേറെ ജില്ലാട്രഷറികൾ ഏതൊക്കെ ജില്ലകളിൽ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ? | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ഒന്നിലേറെ ജില്ലാ ട്രഷറികൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ